## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - സർക്കാർ ട്രെയിനിംഗ് കോളേജുകൾ - സോഷ്യൽ സയൻസ് വിഭാഗം ലക്ചറർ - ഇടക്കാല സ്ഥലംമാറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: ബി 2/31732/2018/കോ.വി.വ തീയതി: 29/09/2018

---

പരാമർശം:- ശ്രീമതി. അഞ്ജന ബി.കെ. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം.

### ഉത്തരവ്

കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ സോഷ്യൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീ. സന്തോഷ് കുമാർ പി.കെ. ഗുരുതരമായ രോഗം മൂലം വിദഗ്ദ്ധ ചികിത്സ അനിവാര്യമായ സാഹചര്യത്തിൽ തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് ചികിത്സാ സംബന്ധമായ രേഖകളടക്കം മേൽ പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷയും അനുബന്ധ ചികിത്സാ രേഖകളും പരിശോധിച്ച് ശ്രീ. സന്തോഷ് കുമാറിന്റെ ട്രാൻസ്ഫർ അപേക്ഷ അനുകമ്പാ പൂർവ്വം പരിഗണിച്ച് ചികിത്സാ സൗകര്യം മുൻ നിർത്തി കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെ സോഷ്യൽ സയൻസ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. സന്തോഷ് കുമാർ പി.കെ. -യെ തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലേക്കും ടി സ്ഥാപനത്തിലെ സോഷ്യൽ സയൻസ് വിഭാഗം അദ്ധ്യാപകൻ ശ്രീ. സുരേഷ് കുമാർ ബി -യെ കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലേയ്ക്കും പരസ്പരം സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
ഡോ. ഡി.കെ. സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്:-

1) പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്
2) പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തിരുവനന്തപുരം
3) ബന്ധപ്പെട്ട അദ്ധ്യാപകർ
4) അക്കൗണ്ടന്റ് ജനറൽ (എ & ഇ), എസ്.എച്ച് മൗണ്ട് റോഡ്, നാഗമ്പടം പി.ഒ, കോട്ടയം
5) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//
സൂപ്രണ്ട്

വൈ.പി. 3/10/18

GOVERNMENT OF KERALA 2017-18

81994